രാജാകേശവദാസന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്ന നടപടി

39 (2914) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജാകേശവദാസന്റെ പൂർണ്ണകായ വെങ്കലപ്രതിമ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ആലപ്പുഴ രാജാകേശവദാസ സ്മാരക കമ്മിറ്റി സാംസ്ക്കാരിക വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി എടുത്തു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രതിമ സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിച്ചുകൊടുത്ത ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ സഹകരണത്തോടെ പ്രതിമ സ്ഥാപിക്കേണ്ട സ്ഥലത്ത് ശിലാസ്ഥാപനം നടത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. ഇതിന്മേൽ ആലപ്പുഴ ജില്ലാകളക്ടറുടെ മറുപടി ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്.

കേളപ്പജിയുടെ ജന്മഗൃഹം

40 (2915) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'കേരളഗാന്ധി' എന്നറിയപ്പെടുന്ന കേളപ്പജിയുടെ ജന്മഗൃഹം എവിടെയാണെന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അറിയിക്കുമോ ;

(ബി) ഇദ്ദേഹത്തിന്റെ ജന്മഗൃഹം സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജന്മഗൃഹം കൊയിലാണ്ടി താലൂക്കിൽ മാടാടി വില്ലേജിൽ മുചുകുന്ന് എന്ന സ്ഥലത്താണ്. ഇപ്പോൾ അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നറിയുന്നു.

(ബി) തല്ക്കാലം പരിഗണനയിലില്ല.

സർക്കാർ പ്രസ്സുകളുടെ പ്രവർത്തനം

41 (2916) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അച്ചടി വകുപ്പിനുകീഴിൽ എത്ര പ്രസ്സുകളാണ് നിലവിലുള്ളത് ;

(ബി) അവയിൽ പൂർണ്ണമായും ഓഫ്സെറ്റ് അച്ചടി നടത്തുവാൻ പര്യാപ്തമായ എത്ര പ്രസ്സുകളാണുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭാഗിക്കമായി ഓഫ്സെറ്റ് അച്ചടി നടത്തുവാൻ പര്യാപ്തമായവ എത്ര എണ്ണമുണ്ട്;

(ഡി) ലെറ്റർ പ്രസ്സ് അച്ചടിക്ക് സാദ്ധ്യമല്ലാതായി കാലഹരണപ്പെട്ട എത്ര മെഷീനുകൾ ഇപ്പോൾ നിലവിലുണ്ട് ;

(ഇ) ലറ്റർ പ്രസ്സ് അച്ചടിക്ക് പര്യാപ്തമായ എത്ര മെഷീനുകൾ ഇപ്പോൾ നിലവിലുണ്ട് ;

(എഫ്) അച്ചടിക്കാൻ മെഷീനുകൾ ഇല്ലാതെ അദർ ഡ്യൂട്ടിയിൽ പ്രിന്റർമാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ അതുവഴി സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടായിട്ടുണ്ടോ ;

(എച്ച്) അച്ചടിക്കാൻ മെഷീനുകൾ ഇല്ലാതെ അധിക ബാദ്ധ്യതയായി വരുന്ന പ്രിന്റർമാർക്ക് ജോലി നൽകുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) പത്ത് പ്രസ്സുകൾ.

(ബി) മൂന്ന്. (ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, ഗവൺമെന്റ് പ്രസ്സ്, വാഴൂർ, ഗവൺമെന്റ് പ്രസ്സ്, വയനാട്)

(സി) രണ്ട്. (ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം, ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ)

(ഡി) എൺപത്തി ഒന്ന്.

(ഇ) അറുപത്തി അഞ്ച്.

(എഫ്) ഉണ്ട്.

(ജി & എച്ച്) സർക്കാരിന് നഷ്ടം ഉണ്ടാകാതിരിക്കാൻ ഓഫ് സെറ്റ് അച്ചടി യന്ത്രം വാങ്ങിയ ശേഷം ഓഫ്സെന്റ് ഓപ്പറേറ്റർമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

അച്ചടി വകുപ്പിൽ പുതിയതായി വാങ്ങുന്ന മെഷീനുകൾ

42 (2917) ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന അച്ചടി വകുപ്പിന് പുതിയതായി മെഷീനുകൾ വാങ്ങാൻ തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ബി) ഈ തുകയ്ക്ക് എന്തൊക്കെതരം മെഷീനുകൾ വാങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly